"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - തിരുവനന്തപുരം ഫാർമസ്യൂട്ടിക്കൽസ് & കെമിക്കൽസ് ട്രാവൻകൂർ പ്രൈവറ്റ് ലിമിറ്റഡ് ഓഫീസിൽ എക്സൈസ് ഇൻസ്പെക്ടർ ആയി ജോലി നോക്കി വരവെ മരണപ്പെട്ട മോഹനരാജിന്റെ മകൻ ശ്രീ ആനന്ദ് മോഹന് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.29/2024/TAXES തീയതി,തിരുവനന്തപുരം, 08-06-2024

---

പരാമർശം:-

1. 24/05/1999 -ലെ സ.ഉ(പി)നം.12/99/പി&എ.ആർ.ഡി
2. ശ്രീ ആനന്ദ് മോഹൻ എം. ബി സമർപ്പിച്ച 14/10/2019,04/12/2023 എന്നീ തീയതികളിലെ അപേക്ഷകൾ
3. എക്സൈസ് കമ്മീഷണറുടെ 02/11/2019,11/12/2019 എന്നീ തീയതികളിലെ ഇ.എക്സ്.സി-5090/2019/എക്സ്.എം7 നമ്പർ കത്ത്
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18/01/2020-ലെ ഡി.സി.ടിവിഎം/155/2020-എസ്6 നമ്പർ കത്ത്
5. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 21/02/2024-ലെ ഇ5-39068/2023/പിആർ എച്ച് ക്യൂ നമ്പർ കത്ത്
6. പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14/03/2024 -ലെ എസ് ഡി2/117/2024-പൊ.ഭ.വ നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ഫാർമസ്യൂട്ടിക്കൽസ് & കെമിക്കൽസ് ട്രാവൻകൂർ പ്രൈവറ്റ് ലിമിറ്റഡ് ഓഫീസിൽ എക്സൈസ് ഇൻസ്പെക്ടർ ആയി ജോലി നോക്കി വരവെ 14/06/2012 ൽ മരണപ്പെട്ട മോഹനരാജിന്റെ മകൻ ശ്രീ ആനന്ദ് മോഹൻ ആശ്രിത നിയമന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു .

2) 01/04/1988 ൽ സർവ്വീസിൽ പ്രവേശിച്ച ഡി മോഹനരാജ് 14/06/2012 ൽ മരണപ്പെട്ടു.സർവ്വീസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് 24 വർഷത്തേയും 2 മാസത്തേയും 14 ദിവസത്തേയും സേവന ദൈർഘ്യം എക്സൈസ് വകുപ്പിലുണ്ട്. മരണപ്പെട്ട സർക്കാർ ജീവനക്കാരന്റെ കുടുംബാംഗങ്ങളിൽ ആരുംതന്നെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം

(4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻ കര തഹസീൽദാർ നൽകിയിട്ടുള്ള റിപ്പോർട്ട് പ്രകാരം ശ്രീ ആനന്ദ് മോഹൻ മരണപ്പെട്ട മോഹനരാജിന്റെ മകനും നിയമാനുസരണമുള്ള അനന്തരാവകാശിയുമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റവകാശികൾ ശ്രീ ആനന്ദ് മോഹന് സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. ശ്രീ ആനന്ദ് മോഹന്റെ ജനനതീയതി 27/08/2001 ആണ്. സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അപേക്ഷകന് 18 വയസ്സ് പൂർത്തിയാക്കിയിട്ടുണ്ട്. കുടുംബത്തിന്റെ വാർഷിക വരുമാനം 735760/-രൂപയാണ്. ആയത് ആശ്രിത നിയമന വരുമാന പരിധിയിലാണ്. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം തന്നെ ഈ അപേക്ഷയിൽ പാലിച്ചിട്ടുണ്ട്. ടി അപേക്ഷ എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരവും, തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരവും ശുപാർശ ചെയ്തിട്ടുമുണ്ട്.

3) അപേക്ഷകൻ SSLC, പ്ലസ്ടു പരീക്ഷകൾ പാസ്സായിട്ടുള്ളതിനാൽ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് വിദ്യാഭ്യാസപരമായി യോഗ്യനാണ്. ഈ സാഹചര്യത്തിൽ ശ്രീ ആനന്ദ് മോഹന് സമാശ്വാസ നിയമന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയായിരുന്നു. എന്നാൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീ ആനന്ദ് മോഹൻ എം ബി നിലവിൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടിയാൻ മുൻപ് അപേക്ഷിച്ചിരുന്ന തസ്തികയായ എൽ.ഡി.സി. തസ്തികയിൽ ഒഴിവുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിലും ടി തസ്തികയിൽ അടുത്ത കാലത്തൊന്നും നിയമനം ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിലുമാണ് ടിയാൻ തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് പരിഗണിച്ച് ജയിൽ വകുപ്പിൽ അസിസിറ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാൻ ടി തസ്തികയിൽ നിയമിക്കുന്നതിനായി ശാരീരികവും വിദ്യാഭ്യാസപരമായും യോഗ്യനാണോ എന്നും ടിയാന് നിയമനം നൽകുന്നതിന് ഒഴിവ് ഉണ്ടോ എന്നും പരിശോധിക്കുന്നതിനായി ഫയൽ അഭ്യന്തര വകുപ്പിലേക്ക് അയക്കുകയും ശ്രീ ആനന്ദ് മോഹൻ എം. ബി.-യ്ക്ക് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ നിയമനത്തിന്റെ ഭാഗമായി നടത്തിയ ശാരീരിക ക്ഷമതാ പരീക്ഷയിൽ ടിയാൻ വിജയിച്ചിട്ടുണ്ടെന്ന് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ടിയാന്റെ നിയമനം പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവിൽ നിന്നും നികത്തേണ്ടതാണെന്നും അഭ്യന്തര വകുപ്പ് അറിയിച്ചിരുന്നു.

4) ഈ സാഹചര്യത്തിൽ അഭ്യന്തര വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ആനന്ദ് മോഹൻ എം. ബി.-യ്ക്ക് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകുന്നതിനായി ഒഴിവുകൾ അറിയിക്കുവാൻ പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പിനോട് അഭ്യർത്ഥിക്കുകയും ആയതിൻ പ്രകാരം ടി വകുപ്പ് പരാമർശം (6) പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് പ്രിസൺ

ഓഫീസർ തസ്തികയിൽ ടി വകുപ്പിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിലവിലുള്ള 8 ഒഴിവുകളിൽ ഒന്നിൽ പരാമർശം (1) ലെ ഉത്തരവിന്റെ ഖണ്ഡിക 28 പ്രകാരം ടിയാന് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചിരിക്കുന്നു.

5) മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ഫാർമസ്യൂട്ടിക്കൽസ് & കെമിക്കൽസ് ട്രാവൻകൂർ പ്രൈവറ്റ് ലിമിറ്റഡ് ഓഫീസിൽ എക്സൈസ് ഇൻസ്പെക്ടർ ആയി ജോലി നോക്കി വരവെ 14/06/2012- ൽ മരണപ്പെട്ട മോഹനരാജിന്റെ മകൻ ശ്രീ ആനന്ദ് മോഹൻ എം. ബി.-യ്ക്ക് (പൗർണമി, നെല്ലിവിള, മൂവേരിക്കര, കുന്നത്തുകാൽ പി ഒ ,തിരുവനന്തപുരം-695504)സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ടിയാൻ നിയമനം ആവശ്യപ്പെട്ടിരിക്കുന്ന തിരുവനന്തപുരം ജില്ലയിൽ ഒഴിവുള്ള പക്ഷം ടി ജില്ലയിലും അല്ലാത്തപക്ഷം പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 28 പ്രകാരം മറ്റേതെങ്കിലും ജില്ലയിൽ നിയമനം നൽകുന്നതിനും, തിരുവനന്തപുരം ജില്ലയിൽ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ഒഴിവുണ്ടാകുന്ന സമയത്ത് ടിയാന് ടിയാന്റെ സീനിയോറിറ്റി നഷ്ടമാവാതെ തിരുവനന്തപുരം ജില്ലയിലേക്ക് നിയമനം നൽകുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

6) അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ്വ ചരിത്രം, വൈദ്യ പരിശോധനാ റിപ്പോർട്ട് തുടങ്ങിയവ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിശോധിച്ച ശേഷം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശ്രീ ആനന്ദ് മോഹൻ എം. ബി.-യ്ക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

7) ശ്രീ ആനന്ദ് മോഹൻ എം. ബി.-യ്ക്ക് നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിലും, പരേതന്റെ സർവ്വീസിന്റെ അവസാനകാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, ആയത് ഓഫീസ്/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

8) അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതല അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതായോ മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ടിയാന് നിയമന ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ മുൻകൂട്ടി അറിയിക്കാതെ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

1. ശ്രീ ആനന്ദ് മോഹൻ എം. ബി.,പൗർണമി, നെല്ലിവിള, മൂവേരിക്കര, കുന്നത്തുകാൽ പിഒ, തിരുവനന്തപുരം-695504 (By Registered post with A.D)
2. ഡയറക്ടർ ജനറൽ,പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,

തിരുവനന്തപുരം (By Registered post with A.D)

3. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് /ഇ.ആർ.എസ്.എ) തിരുവനന്തപുരം.
5. ജില്ലാ കളക്ടർ, തിരുവനന്തപുരം
6. വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പ്
8. ആഭ്യന്തര (ബി) വകുപ്പ് (നം.B3/380/2023-Home തീയതി. 29.02.2024 പ്രകാരം)
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reese. V. A**
**Date: 09-06-2024 12:10:48**

സെക്ഷൻ ഓഫീസർ